"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ ജീവനക്കാര്യം-കരാർ ജീവനക്കാരുടെ സേവനം ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയം ഭരണ(ഡിബി) വകുപ്പ്**

G.O.(Rt) No.100/2021/LSGD    തീയതി,തിരുവനന്തപുരം, 16/01/2021

പരാമർശം:- 1 സ.ഉ(പി) നം.28/2016/ധന തീയതി 26-02-2016

2 സ.ഉ.(പി) നം.56/2017/ധന, തീയതി 28/04/2017

3 സ.ഉ.(പി) നം.112/2018/ധന, തീയതി 21/07/2018

4 സ.ഉ.(പി) നം.81/2019/ധന, തീയതി 09/07/2019

5 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14/01/2020, 12/11/2021 തീയതികളിലെ എൽ.എഫ് 10/2017/ലൈഫ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ ചുവടെപ്പറയുന്ന വിശദാംശങ്ങൾ സഹിതം കരാർ കാലാവധി രണ്ട് വർഷം പൂർത്തിയാക്കിയിട്ടുള്ളതിനാൽ ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതിനായി പരാമർശം (5)-ലെ 14.1.2020-ലെ കത്ത് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി-

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | നിയമന ഉത്തരവ് / പുതുക്കൽ ഉത്തരവ് | കരാർ പുതുക്കേണ്ട തീയതി. |
|---|---|---|---|---|
| 1 | ശ്രീ.കെ.പി.സാബുക്കുട്ടൻ നായർ. | ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | സ.ഉ (സാധാ) നം.1329/ 2019/ ത.സ്വ.ഭ.വ, തീയതി 28.06.2019 | 15.11.2019 |
| 2 | ശ്രീമതി. അജിത.എസ്. | പ്രോഗ്രാം മാനേജർ | ലൈഫ് മിഷൻ സി.ഇ.ഒ യുടെ ഉത്തരവ് നം. എൽ.എഫ്.10/2017/ലൈഫ്, തീയതി 07.12.2018 | 22.12.2019 |
| 3 | ശ്രീ. രാഹൽ.യു.എസ്. | പ്രോഗ്രാം മാനേജർ | സി.ഇ.ഒ - യുടെ ഉത്തരവ് നം. എൽ.എഫ്.10/2017/ലൈഫ്, തീയതി 07.12.2018 | 20.12.2019 |

| | | | | |
|---|---|---|---|---|
| 4 | ശ്രീ. ശ്രീജിത്ത് എസ്. ആർ. | ഡി.ഇ.ഒ | സി.ഇ.ഒ - യുടെ ഉത്തരവ് നം. എൽ.എഫ്.10/2017/ലൈഫ്, തീയതി 04.12.2018 | 18.11.2019 |
| 5 | ശ്രീമതി. ഷജീല. എം. | ഒ.എ എം.ടി.പി | സി.ഇ.ഒ - യുടെ ഉത്തരവ് നം. എൽ.എഫ്.10/2017/ലൈഫ്, തീയതി 04.12.2018 | 18.11.2019 |

2) പ്രൊപ്പോസലിൽ പരാമർശിക്കുന്ന കരാർ ജീവനക്കാരുടെ സേവനം ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ വളരെ അത്യാവശ്യമാണ് എന്നും ലൈഫ് മിഷൻ പ്രോജക്റ്റിന്റെ ഭരണപരമായ കാര്യങ്ങൾ ക്കായി 18/08/2017-ലെ സ.ഉ(എം.എസ്)161/2017/തസ്വഭവ പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഉൾപ്പെടുന്നവയാണ് മേൽപ്പറഞ്ഞവയെന്നും നാളിതുവരെ 8491.50 കോടിയിലധികം ചെലവഴിച്ച, സംസ്ഥാന സർക്കാരിന്റെ മുഖ്യ പദ്ധതികളിൽ ഒന്നായ ലൈഫ് മിഷന്റെ ഭരണപരമായ ചെലവുകൾക്കായി ബജറ്റിൽ തുക വകയിരുത്താറുണ്ട് എന്നും 2020-2021 സാമ്പത്തിക വർഷം 11 കോടി രൂപ ഈ ആവശ്യത്തിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്നും ആകയാൽ പര്യാപ്തമായ ഫണ്ട് ലഭ്യമാണ് എന്നും 2019 ഡിസംബറിൽ കരാർ കാലാവധി അവസാനിച്ച ജീവനക്കാരുടെ സേവനം ദീർഘിപ്പിക്കുന്നതിനുള്ള ശുപാർശ യഥാസമയം സമർപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്ന വിശദീകരണവും ടി ജീവനക്കാരുടെ കാലാവധി നീട്ടുന്ന വിഷയത്തിൽ പ്രസ്തുത ജീവനക്കാരുടെ കാലാവധി ദീർഘിപ്പിക്കേണ്ടതിന്റെ ആവശ്യകത, ഫണ്ടു ലഭ്യത ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം യാതൊരു കാരണവശാലും ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലവും ലഭ്യമാക്കിയിട്ടുണ്ട്.

3) ടി പ്രൊപ്പോസലിൽ ക്രമനമ്പർ 3-ആയി ഉൾപ്പെട്ട പ്രോഗ്രാം മാനേജർ ശ്രീ. രാഹുൽ യു.എസ്. 21/10/2020 അപരാഹ്നത്തിലും ക്രമനമ്പർ 4-ആയി ഉൾപ്പെട്ട ഡേറ്റാ എൻട്രി ഓപ്പറേറ്റർ ശ്രീ. ശ്രീജിത്ത് എസ്.ആർ 31/08/2020 അപരാഹ്നത്തിലും കരാർ സേവനം അവസാനിപ്പിച്ച് പിരിഞ്ഞു പോയിട്ടുള്ളതാണ് എന്നും പരാമർശം(5)-ലെ 12.11.2021-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. നിലവിലുള്ള ഉത്തരവുകൾ ക്കും വ്യവസ്ഥകൾക്കും വിധേയമായും പ്രസ്തുത ജീവനക്കാർക്ക് റെഗുലറൈസേഷൻ/സ്ഥിരപ്പെടുത്തുന്നതിനുള്ള അർഹത ഉണ്ടായിരിക്കില്ല എന്ന വ്യവസ്ഥയോടെയും മേൽ പട്ടികയിൽ രേഖപ്പെടുത്തിയ അതാത് തീയതി മുതൽ ശ്രീ. രാഹുൽ യു.എസിന്റെയും ശ്രീ. ശ്രീജിത്ത് എൻ.ആർ-ന്റെയും കരാർ സേവന കാലാവധി അവർ പിരിഞ്ഞു പോയ തീയതി വരെയും, മറ്റുള്ളവരുടെ കരാർ സേവനം പട്ടികയിൽ രേഖപ്പെടുത്തിയ അതാത് തീയതി മുതൽ ഒരു വർഷത്തേയ്ക്കു കൂടിയും ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ( ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന).

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.01.16 16:04:04 IST
Reason: Approved
സെക്ഷൻ ഓഫീസർ